സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

15 (*196) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും വീടു വയ്ക്കുന്നതിനും ധനസഹായം നൽകാൻ എന്തെങ്കിലും പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

ഇപ്പോൾ നിലവിൽ ഇല്ല.

ആശുപത്രികളെ ലോഡ് ഷെഡ്ഡിംഗിൽ നിന്നും ഒഴിവാക്കാൻ നടപടി

16 (*197) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള ലോഡ് ഷെഡ്ഡിംഗ്മൂലം രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആശുപത്രികളെ ലോഡ് ഷെഡ്ഡിംഗിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതു സംബന്ധമായി ആരോഗ്യവകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നയപരമായ തീരുമാനം വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും അനുബന്ധ സ്ഥാപനങ്ങളെയും 22-5-2003-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളേയും അനുബന്ധ സ്ഥാപനങ്ങളെയും ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly